No.P.5 /14

സ്വയംസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കുസ്തുതി)

അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും വി.പത്രോസിന്റെ അപ്പോസ്തോലീക സിംഹാസനത്തിൻ കീഴിലുള്ള

യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയുടെ കാതോലിക്കയും മെത്രാപ്പോലീത്തൻ ട്രസ്റ്റിയുമായ

## ബസ്സേലിയോസ് തോമസ് പ്രഥമൻ

പരി. അന്ത്യോഖ്യാ സിംഹാസനത്തിൻ കീഴിലുള്ള യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയിലെ നമ്മുടെ സഹോദരന്മാരായ അഭി. മെത്രാപ്പോലീത്തന്മാർക്കും, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാർക്കും, വന്ദ്യ റമ്പാച്ചന്മാർക്കും, ബഹു. വൈദീകർക്കും, പ്രിയ ശെമ്മാശന്മാർക്കും, നമ്മുടെ എല്ലാ പള്ളികളിലെയും ബഹു.വികാരിമാരും, സഹവികാരിമാരും, കൈക്കാരന്മാരും, കമ്മറ്റിക്കാരും, ഭക്തസംഘടനാപ്രവർത്തകരും ശേഷം ജനങ്ങളുമാകുന്ന ആത്മീയ വാത്സല്യമക്കൾക്കും കർത്താവിൽ വാഴ്വ്.

**പ്രിയരെ,**

വളരെയധികം മനോവേദനയോടു കൂടിയാണ് ഇതെഴുതുന്നത്. ആകമാന സുറിയാനി സഭയുടെ പരമമേലദ്ധ്യക്ഷനായ പരി.ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ ഈവാസ് പാത്രിയർക്കീസ് ബാവായുടെ കബറടക്കം 28/03/2014 വെള്ളിയാഴ്ച ദമാസ്ക്കസിലെ മോർ അഫ്രേം ദയറായിലെ സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് പാത്രിയർക്കൽ കത്തീഡ്രൽ ദൈവാലയത്തിൽ പ്രത്യേകം തയ്യാറാക്കപ്പെട്ട കബറിടത്തിൽ അനുഗ്രഹകരമായി നടത്തപ്പെട്ടു.

മാർച്ച് മാസം 21-ാം തീയതി പരി.പിതാവ് ജർമ്മനിയിൽ വച്ച് ഈ ലോകത്തോട് വിട പറഞ്ഞതു മുതൽ ലോകമെമ്പാടുമുള്ള സുറിയാനി സഭാ വിശ്വാസികൾ ഏറെ ദുഃഖത്തിലും പ്രാർത്ഥനയിലും കഴിഞ്ഞുവരികയാണല്ലോ. മാർച്ച് മാസം 23-ാം തീയതി പരി. പിതാവിന്റെ ഭൗതീക ദേഹം ജർമ്മനിയിൽനിന്നും ലെബനോനിൽ എത്തിക്കുന്നതിനുമുമ്പായി ബലഹീനനായ നമുക്കും പരി.സഭയിലെ പിതാക്കന്മാർക്കും അവിടെ എത്തിച്ചേരുവാൻ ദൈവകൃപയാൽ സാധിച്ചു. ലെബനോൻ ആസ്ഥാനമായ ബെയ്റൂട്ടിലെ അഷ്റഫേയിൽ ഉള്ള മോർ അഫ്രേം കത്തീഡ്രൽ ദൈവാലയത്തിൽ ഭൗതീകദേഹം പൊതു ദർശനത്തിനായി വയ്ക്കുകയും കോപ്റ്റിക് പാത്രിയർക്കീസ് പോപ്പ് തേവോദോറോസ് രണ്ടാമൻ, അർമേനിയൻ പോപ്പ്, മറ്റു സഭകളിൽ നിന്നുള്ള പാത്രിയർക്കീസുന്മാർ, കാതോലിക്കന്മാർ, പിതാക്കന്മാർ, ലെബനോനിലെയും മറ്റ് രാജ്യങ്ങളിലെയും പ്രസിഡന്റുമാർ, മന്ത്രിമാർ, അനേകം വിശ്വാസികൾ തുടങ്ങി ലോകത്തിന്റെ എല്ലാത്തലങ്ങളിലും ഉള്ളവർ പരി.പിതാവിന് ആദരാഞ്ജലികൾ അർപ്പിക്കുകയുണ്ടായി. ലെബനോനിൽ വച്ച് ബലഹീനനായ നമ്മുടെ കാർമ്മികത്വത്തിലും, സിറിയയിലെയും ഇന്ത്യയിലെയും മെത്രാപ്പോലീത്തമാരുടെ സഹകാർമ്മികത്വത്തിലും കബറടക്ക ശുശ്രൂഷകൾ നടത്തപ്പെടുകയുണ്ടായി.

മാർച്ച് മാസം 26-ാം തീയതി ബുധനാഴ്ച വൈകീട്ട് ബലഹീനനായ നമ്മുടെ അദ്ധ്യക്ഷതയിൽ ആകമാന സുന്നഹദോസ് ചേരുകയും, പരി.സിംഹാസനത്തിന്റെ താൽക്കാലിക ചുമതല വഹിക്കുന്നതിനായി ബാഗ്ദാദ് ആർച്ച് ബിഷപ്പ് മോർ സേവേറിയോസ് ജമിൽ ഹവായെ ലൊക്കമായി തെരഞ്ഞെടുക്കുകയും ചെയ്തു. മാർച്ച് മാസം 31-ാം തീയതി തിങ്കളാഴ്ച ആകമാന സുറിയാനി സഭയുടെ പരി. സുന്നഹദോസ് വീണ്ടും ചേരുവാൻ നിശ്ചയിച്ചിട്ടുണ്ട്. അന്ന് ചേരുന്നതായ പരി. സുന്നഹദോസിൽ വച്ച് ആകമാന സുറിയാനി സഭയുടെ 123-ാമത്തെ പാത്രിയർക്കീസിനെ തിരഞ്ഞെടുക്കുവാൻ ദൈവത്തിൽ ആശ്രയിച്ച് ക്രമീകരണങ്ങൾ ചെയ്തു വരികയാണ്.

പരി.പാത്രിയർക്കീസ് ബാവായ്ക്ക് കർത്തൃസന്നിധിയിൽ ഉള്ള ആത്മീയ പരിപൂർണ്ണതയ്ക്കും സന്തോഷത്തിനും വേണ്ടി മാർച്ച് മാസം 30-ാം തീയതി ഞായറാഴ്ച സഭയിലെ എല്ലാ ദൈവാലയങ്ങളിലും വി.കുർബ്ബാനയോടനുബന്ധിച്ച് പ്രത്യേകം പ്രാർത്ഥനകൾ നടത്തുവാനുള്ള ക്രമീകരണം ചെയ്തുകൊള്ളണം. അതോടൊപ്പം 31-ാം തീയതി ചേരുന്നതായ ആകമാന

സുന്നഹദോസ് പരി.സഭയുടെ അനുഗ്രഹത്തിനായി തീരുവാൻ വിശ്വാസികൾ പ്രാർത്ഥിക്കുവാൻ കരുതലുള്ളവരായിരിക്കണം.

**വീണ്ടും പ്രിയരെ,**

പരി.പിതാവിന്റെ ദേഹവിയോഗം ലോക ക്രൈസ്തവ സമൂഹത്തിന് വലിയ നഷ്ടമാണ് ഉണ്ടാക്കിയത്. പ്രത്യേകിച്ച് എക്യുമെനിക്കൽ രംഗത്ത് പരി.പിതാവ് നൽകിയിട്ടുള്ളതായ നേതൃത്വം ഒരിക്കലും വിസ്മരിക്കുവാൻ കഴിയുന്നതല്ല. ഇന്ത്യയിലെ പരി.സഭയെ ഇത്രമാത്രം സ്നേഹിക്കുകയും കരുതുകയും ചെയ്ത മറ്റൊരു പിതാവ് ഉണ്ടായിട്ടില്ല. പരി.പിതാവിന്റെ ദേഹവിയോഗത്തിൽ സഭാടിസ്ഥാനത്തിലുള്ള അനുശോചനയോഗം ഏപ്രിൽ മാസം 6-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3.30 ന് മണർകാട് സെന്റ് മേരീസ് യാക്കോബായ സുറിയാനി കത്തീഡ്രലിൽ വച്ച് നടത്തുവാൻ പരി.എപ്പിസ്കോപ്പൽ സുന്നഹദോസ് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഇതര സഭാ പിതാക്കന്മാരും, സാമുദായിക നേതാക്കളും, രാഷ്ട്രീയ സാമൂഹിക, രംഗത്തെ പ്രമുഖരും പങ്കെടുക്കുന്നതായ മഹാസമ്മേളനം അനുഗ്രഹമായിത്തീരുവാൻ എല്ലാവരും കരുതലുള്ളവരായിരിക്കണം.അന്ന് നടക്കുന്നതായ അനുശോചന യോഗത്തിൽ എല്ലാപള്ളികളിൽ നിന്നും വാഹനങ്ങൾ ക്രമീകരിച്ച് വിശ്വാസികളെ സംബന്ധിപ്പിക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ പള്ളിക്കാര്യത്തിൽനിന്നും ചെയ്തു കൊള്ളണമെന്ന് പൈതൃക വാത്സല്യത്തോടെ ഓർമ്മപ്പെടുത്തുന്നു. പരി.പിതാവിന്റെ പ്രാർത്ഥന നിങ്ങളോട് കൂടെ ഉണ്ടായിരിക്കട്ടെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർത്തിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ വി. കന്യകമറിയാം അമ്മയുടേയും, സകല പരിശുദ്ധന്മാരുടേയും, ശുദ്ധിമതികളുടേയും, പ്രത്യേകാൽ ശ്ലീഹന്മാരുടെ തലവനായ വി. പത്രോസിന്റെയും, ഇന്ത്യയുടെ കാവൽ പിതാവായ മോർ തോമാശ്ലീഹായുടേയും പ്രാർത്ഥനകളാൽതന്നെ, ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ......................

ദൈവം അനുഗ്രഹിക്കട്ടെ

ലെബനോനിലെ
പാത്രിയർക്കാ അരമനയിൽ നിന്നും,
2014 മാർച്ച് മാസം 29-ാം തീയതി.

**ബസ്സേലിയോസ് തോമസ് പ്രഥമൻ കാതോലിക്ക**

JSC NEWS
The Official News Media of Holy Jacobite Syrian Christian Church